LIBRARY ARCHIVES Kerala Legislative Assembly

നെല്ലുൽപ്പാദന രംഗത്തെ പ്രവർത്തനം

204 (1574) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തിന്റെ നെല്ലുൽപ്പാദന രംഗത്തെ പ്രവർത്തനം പരിശോധിക്കാറുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഓരോ വർഷവും എത്ര ഹെക്ടർ സ്ഥലത്തായി എത്ര അളവ് നെല്ല് ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) കേരളത്തിലേക്ക് പ്രതിവർഷം ഇറക്കുമതി ചെയ്യുന്ന നെല്ലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) നെല്ല് കർഷകരെ പ്രോൽസാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഇ) തറവില നിശ്ചയിക്കുന്നതോടൊപ്പം കൃഷിയിറക്കുന്ന സ്ഥല വിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് അനുവദിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)

വർഷം	വിസ്തീർണ്ണം (ഹെക്ടർ)	ഉൽപ്പാദനം (മെ.ടൺ)
2010-11	213187	522738
2011-12	208160	568990
2012-13	197277	508299
2013-14	199611	564325
2014-15	എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.	

(സി) കൃഷി വകുപ്പിൽ ലഭ്യമല്ല.

(ഡി) നെൽ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

- സുസ്ഥിര നെൽകൃഷി വികസനം.
- വികസന ഏജൻസികൾക്കുള്ള ഫണ്ട്.
- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം
- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം

കോൾ മേഖലയിലെ കോൾ കർഷകർക്ക് അവരുടെ മേഖലയിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നൽകുന്നതിനും പ്രദേശിക അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സമഗ്ര കോൾ വികസന ഏജൻസി നിലവിലുണ്ട്.

(ഇ) കൃഷിയിറക്കുന്ന സ്ഥലവിസ്തൃതിയുടെ അളവ് അനുസരിച്ച് കർഷകർക്ക് ഉൽപ്പാദന ബോണസ് ഹെക്ടറിന് 1,000 രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. ഈ ആനുകൂല്യം ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമേ ലഭ്യമാവുകയുള്ളൂ.

വാഴക്കർഷകരുടെ നഷ്ടപരിഹാര തുക

205 (1575) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രകൃതിക്ഷോഭംമൂലം വിളവെടുപ്പ് ആകുമ്പോഴേക്കും വാഴകൾ ഒടിഞ്ഞു വീണ് വാഴകൃഷി ചെയ്യുന്ന കർഷകർക്ക് ഭീമമായ നഷ്ടം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, പ്രസ്തുത കർഷകർക്ക് സർക്കാരിൽനിന്നും ലഭിക്കുന്ന നഷ്ടപരിഹാരം വളരെ അപര്യാപ്തമാണെന്നകാര്യം അറിയുമോ ;

(സി) ഇത്തരത്തിൽ നഷ്ടം ഉണ്ടാകുന്ന കർഷകർക്ക് വളരെ മെച്ചപ്പെട്ട രീതിയിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly